Mr. Paramel Ipe Ipe *(Kunnamkulam)*: May I know the survey number of that canal?

Mr. Parambi Lonappen *(Minister for Rural Development)*: I want notice.

DEPRESSED CLASSES—ADMISSION INTO HOTELS

ഡോ. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട ദയവായി മറുപടി പറയുമോ:—

(എ) ഗവൺമെണ്ടിൽനിന്നും ലൈസൻസു കൊടുത്തു നടത്തുന്ന ജാതിഹിന്ദുക്കളുടെ എല്ലാ ഹോട്ടലുകളിലും അധഃകൃതക്കു് ഇന്നും പ്രവേശനമില്ല എന്ന വസ്തുത ഗവൺമെണ്ടിനു് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ അനീതിയെ തടയേണ്ടതായ ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: (എ) ചില ഹോട്ടലുകളിൽ പ്രവേശനമില്ലെന്നു് അറിയാം.

(ബി) ഈ അവശതയെ നിശ്ശേഷം മാറ്റുന്നതിനു പര്യാപ്തമായ ഒരു മാർഗ്ഗം ഗവൺമെണ്ടു കാണുന്നില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ആവശ്യക്കാരുടെ സൌകര്യത്തിനാണല്ലെ ഹോട്ടലുകൾ നടത്തുന്നതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതെ.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എല്ലാവർക്കും പ്രവേശനമില്ലാത്ത ഹോട്ടലുകൾക്കു് ലൈസൻസു കൊടുക്കാതിരുന്നാൽ കച്ചവടം നടക്കുമൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ലൈസൻസു കൊടുക്കുന്നതു് സാനിട്ടറി കണ്ടീഷൻ നോക്കീട്ടാണു്. ലൈസൻസുകൊടുക്കുന്ന രൂപത്തിൽ ഈ കാര്യമില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അങ്ങിനെ രൂളില്ലെങ്കിൽ ഒരു രൂളുണ്ടാക്കുവാൻ സാധിക്കയില്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സാനിട്ടേഷനു വേണ്ടിയാണു് ലൈസൻസു കൊടുക്കുന്നതു്.

റാവുസാഹിബു് കെ. അയ്യപ്പൻ: എല്ലാവർക്കും ഉപയോഗപ്പെടത്തണമെന്ന ഒരു വ്യവസ്ഥയും കൂടി ഈ രൂളിൽ ഉൾപ്പെടുത്തരുതൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇതു് ആളുകളെകൊണ്ടു നിർബ്ബന്ധിച്ചു ചെയ്യിക്കുന്നതു് ശരിയാണെന്നു ഗവൺമെണ്ടിനു തോന്നുന്നില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: ഹോട്ടലുകൾ എല്ലാവർക്കും ഉപയോഗപ്പെടത്തണമെന്ന ഒരു വ്യവസ്ഥ ചേർക്കുവാൻ സാധിക്കയില്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതുത്തോളം ശരിയായിരിക്കുമെന്നു് ഗവൺമെണ്ടിനു തോന്നുന്നില്ല. ഹൈജിനിക്ക് പ്രിൻസിപ്പിളും സാനിട്ടേഷനും നോക്കിയാണു് ലൈസൻസു കൊടുക്കുന്നതു്. Hygienic, offensive and dangerous trades.

Mr. L. M. Pylee *(Latin Christians-Ernakulam)*: Should not Government consider it as a public policy that all hotels for which licences are issued should be opened to all?

Mr. B. V. K. Menon *(Secretary to Government)*: Government consider that all hotel keepers should be asked to take licences and the purpose of the licence is to enforce that the place is kept neat and sanitary and not to enforce any particular custom or procedure. This licence is not to enforce that members of every community should be allowed to attend the hotel. As I explained the purpose of the licence is only to look to the health and sanitary point of view.

Mr. P. T. Jacob *(Latin Christians-Mattancheri)*: Is that the only object in granting a licence? Could not the Government make an addition as a condition precedent of granting a licence that it should be open to all caste and creeds?

Mr. B. V. K. Menon *(Secretary to Government)*: The licence is given under a particular statute, that is under the Public Health Act.

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* May I know whether Government will not be able to amend the statute in such a way as to include a provision compelling all hotel keepers to open hotels to all castes and creeds?

Mr. B. V. K. Menon *(Secretary to Government):* It will not be a proper procedure to amend the Public Health Act to enforce social customs.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Are not the Government aware that even in the British Parliament there was a hue and cry when Negroes were refused admission to some hotels in Britain ?

Mr. B. V. K. Menon *(Secretary to Government):* Yes. There were.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Are not our Government so advanced as to include a provision in the statute that all hotels should be open to all irrespective of caste or creed ?

Mr. B. V. K. Menon *(Secretary to Government):* Government still consider that it will not be proper to amend the Public Health Act for that purpose.

Mr. L. M. Pylee *(Latin Christians-Ernakulam):* If the Public Health Act cannot be amended cannot the Government insist by another statute that all castes and creeds should be admitted to these hotels ?

Mr. B. V. K. Menon *(Secretary to Government):* It is for that that I answered that Government cannot amend the Public Health Act to enforce social customs. Government are in the fullest sympathy in this matter. We do not know how exactly that has to be done. Government have not been able to find a solution.

Mr. L. M. Pylee *(Latin Christians-Ernakulam):* Is not possible for the Government to make a rule by which such disabilities would be removed forthwith ?

Mr. B. V. K. Menon *(Secretary to Government):* Under what Act ? There should be some statutory force behind.

Mr. L. M. Pylee *(Latin Christians-Ernakulam):* That is for the Government to find out.

Mr. B. V. K. Menon *(Secretary to Government:):* That is what I answered that the Government have not yet been able to find out a solution for this.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Is it the position of the Government that they will not able to find out a solution ?

Mr. President: Order. The answer is that Government have not given up hope altogether.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ജാതിതിരിച്ചുള്ള ഹോട്ടൽക്കാക്ക് അരിമുതലായ സാധനങ്ങൾ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഹോട്ടൽക്കാക്കും റേഷൻ കൊടുക്കുന്നുണ്ടാകും.

മിസ്റ്റർ കെ എസ്സ്. പണിക്കർ: ജാതിയെപ്പറ്റാതെ ഹോട്ടൽക്കാക്ക് അതു കൊടുക്കാതിരിക്കുവാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മറ്റുള്ളവക്ക് കൊടുക്കുന്നപോലെയുള്ള റേഷൻ അവക്കും കൊടുക്കാതിരിക്കുവാൻ നിവൃത്തിയില്ല.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഈ ഒരവശതയെ ഇല്ലാതാക്കുന്നതിനു പറ്റിയ ഒരു മാർഗ്ഗം ഈ സഭ രൂപീകരിച്ചു ഗവൺമെണ്ടിനു കാണിച്ചു തരുകയാണെങ്കിൽ അതു പ്രകാരം ചെയ്യുന്നതിനു ഗവൺമെണ്ടിനു വിരോധമുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതിനെക്കുറിച്ചാലോചിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഹോട്ടലിൽ കയറുമ്പോൾ അധഃകൃതരെ പെടലിക്കു പിടിച്ചു തള്ളുന്ന സമയത്ത് പൊല്ലീസിനെ അയച്ചു തരാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: പോല്ലീസിനെ അറിയിച്ചാൽ വേണ്ടതായ നടപടി നടത്തും.

L. C. LIBRARY—BOOKS PURCHASED

212. Mr. P. Kumaran Ezuhthassan *(Vadakkancheri):* Will Government be pleased to state.—

(*a*) what is the amount expended by the Government on the Council Library on purchases other than Proceedings of Councils of State and Provinces and the Central Assembly in each of the years 1115—1120;

(*b*) what is the total number of volumes added to the library in each of these years ?

LIBRARY ARCHIVES Kerala Legislative Assembly